# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.519/PR/PIC/PHQ/15 Date : 08.08.2015

---

## ഓപ്പറേഷൻ സുരക്ഷ : 492 പേർ അറസ്റ്റിൽ

ഗുണ്ടാ-മാഫിയ സംഘങ്ങൾക്കെതിരെയുള്ള നടപടികളുടെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ ഇന്നലെ (ആഗസ്റ്റ് 07) 492 പേർ അറസ്റ്റിലായി. തിരുവനന്തപുരം റേഞ്ചിൽ 174 പേരും, കൊച്ചി റേഞ്ചിൽ 45 പേരും, തൃശൂർ റേഞ്ചിൽ 100 പേരും, കണ്ണൂർ റേഞ്ചിൽ 173 പേരുമാണ് അറസ്റ്റിലായത്.ജില്ല തിരിച്ചുള്ള കണക്കുകൾ: തിരുവനന്തപുരം റൂറൽ 43, കൊല്ലം സിറ്റി 19 ,കൊല്ലം റൂറൽ 29 ,പത്തനംതിട്ട 83, കോട്ടയം 01 , കൊച്ചിസിറ്റി 28, എറണാകുളം റൂറൽ 16, തൃശൂർ സിറ്റി 23, തൃശൂർ റൂറൽ 30, പാലക്കാട് 31, മലപ്പുറം 16, കോഴിക്കോട് സിറ്റി 23, കോഴിക്കോട് റൂറൽ 28, വയനാട് 13, കണ്ണൂർ 81, കാസർകോട് 28.

ഇതോടെ ഓപ്പറേഷൻ സുരക്ഷയുടെ ഭാഗമായി ആകെ 77603 പേർ പിടിയിലായി. സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെയുള്ള നടപടി വരുംദിവസങ്ങളിൽ കൂടുതൽ കർശനമാക്കുമെന്ന് സംസ്ഥാന പോലീസ് മേധാവി അറിയിച്ചു. ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെയുള്ള പരാതികൾ 1090 എന്ന നമ്പരിൽ വിളിച്ചോ അതത് ജില്ലകളിലെ ജില്ലാ പോലീസ് മേധാവിമാരെയോ അറിയിക്കാമെന്നും അദ്ദേഹം അറിയിച്ചു.

**************